# ആമുഖം

2000 ആഗസ്റ്റ് 29 മദ്ധ്യാഹ്നം. കേരളജനതയ്ക്കും മലയാള ഭാഷയ്ക്കും ആത്മാഭിമാനത്തിന്റെ പുളകം വിതച്ച ചരിത്രമുഹൂർത്തമായിരുന്നു അത്. ചരിത്രത്തിലാദ്യമായി ഐക്യരാഷ്ട്ര പൊതുസഭാഹാളിൽ മലയാളത്തനിമയുടെ ശാലീനസുന്ദരമായ ശബ്ദം മുഴങ്ങിക്കേട്ടു, കേരളത്തിലെ ഒരു കുഗ്രാമത്തിൽ ജനിച്ചു പ്രതികൂലസാഹചര്യങ്ങളുടെ തീയിൽ വളർന്ന് അനിർവ്വചനീയമായ ആത്മപ്രഭാവം കൊണ്ടു ലോകഗുരുവും വിശ്വജനനിയും ആയിത്തീർന്ന അമ്മയായിരുന്നു ആ നാദധാരയുടെ സ്രോതസ്സ്. ഒരു പതിനായിരം വർഷമെങ്കിലും പഴക്കമുള്ള മനുഷ്യസംസ്കൃതി പുതിയൊരു സഹസ്രാബ്ദത്തിലേക്ക് ഒട്ടു ചാരിതാർത്ഥ്യത്തോടെ, ഒട്ട് ആശങ്കയോടെ, അതിലേറെ പ്രത്യാശാപൂർണ്ണമായ ശുഭകാംക്ഷയോടെ കാലെടുത്തുവച്ച അവസരത്തിൽ, വിശ്വശാന്തിയുടെ ദീപം ഒന്നുകൂടി തെളിക്കാൻ ലോകത്തിലുള്ള വിഭിന്നങ്ങളായ ആത്മീയസരണികളിൽ നിന്നുള്ള രണ്ടായിരം പ്രതിനിധികൾ ഐക്യരാഷ്ട്രസഭാ പൊതു

സഭാഹാളിൽ സമ്മേളിച്ച 'സഹസ്രാബ്ദ ലോക സമാധാനാത്മീയ ഉച്ചകോടി'യായിരുന്നു ആ രംഗം. അതിന്റെ ഉദ്ഘാടനവേളയിൽ ലോകത്തിലെ സമുന്നതരായ മുപ്പതു് ആത്മീയാചാര്യന്മാർ വിശ്വശാന്തിക്കായി പരമ്പരാഗതമായ പ്രാർത്ഥനകൾ നയിച്ചു. അടുത്ത മൂന്നു ദിനങ്ങളിൽ വിവിധ ലോകമതങ്ങളെ പ്രതിനിധാനം ചെയ്യുന്ന മുപ്പതു് ആത്മീയാചാര്യന്മാർ പ്രഭാഷണങ്ങൾ നടത്തി. രണ്ടവസരത്തിലും മുഴങ്ങിക്കേട്ട ശാന്തിയുടെ ആമന്ത്രണമായിരുന്നു അമ്മയുടേതു്. മതങ്ങളുടെ സമത്വം, ഹിംസയുടെ നിരാസം, ദാരിദ്ര്യനിർമാർജ്ജനത്തിന്റെ ആവശ്യകത, പ്രകൃതിയുടെ താളലയം പരിരക്ഷിക്കേണ്ടുന്നതിന്റെ പ്രാധാന്യം ഇവ പ്രഖ്യാപനം ചെയ്യുന്ന ഒരു പ്രമേയം സമ്മേളനം അംഗീകരിച്ചു.

മതമെന്ന ആശയത്തിൽത്തന്നെ വൈവിധ്യവും ഏകത്വവും അന്തർലീനമായിരിക്കുന്നു. നമ്മുടെ ഉണ്മയെ സാക്ഷാത്കരിക്കാനുള്ള പന്ഥാവാണു മതം. ആ ഉണ്മ ഒന്നാണു്. എന്നാൽ വ്യക്തികളുടെ അഭിരുചിയിലും സംസ്കാരത്തിലുമുള്ള വൈജാത്യവും കാരണം അതിനെ പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ പ്രതിജനഭിന്നമാണു്. വൈവിധ്യം അനിവാര്യവും അനുപേക്ഷണീയവുമാണു്. വൈവിധ്യമാണു ജീവിതത്തിന്റെ സൗന്ദര്യം. എന്നാൽ ആ വൈവിധ്യങ്ങളുടെ നടുവിലും ഏകതയെക്കുറിച്ചുള്ള അവബോധം നമ്മുടെ മനോവാക്കർമ്മങ്ങളുടെ അന്തർധാരയാകണം. ഈ ആശയത്തെ കേന്ദ്രീകരിച്ചാണു് 'സംഘർഷ നിരാസത്തിൽ മതങ്ങളുടെ പങ്കു്' എന്ന വിഷയത്തെ പുരസ്കരിച്ചു് അമ്മ സംസാരിച്ചതു്.

ഏകത്വബോധത്തിൽ അടിയുറച്ചുകൊണ്ടു ലോകശാന്തിക്കായി സമന്വയത്തിന്റെയും സഹകരണത്തിന്റെയും മാർഗ്ഗം സ്വീകരി

ക്കാനുള്ള ശക്തമായ ആഹ്വാനമായിരുന്നു അമ്മയുടെ പ്രഭാഷണം. ശാന്തിയുടെ മാർഗ്ഗത്തിലുള്ള വിഘ്നങ്ങളിലേക്കും അവയുടെ നിവാരണമാർഗ്ഗങ്ങളിലേക്കും അമ്മയുടെ അമൃതവചസ്സുകൾ വെളിച്ചം വീശി. സ്വതഃസിദ്ധമായ ലാളിത്യവും വിനയവുംകൊണ്ടു പ്രസാദമധുരമായിരുന്നു അമ്മയുടെ ഓരോ വാക്കും ചലനവും. ആത്മനിഷ്ഠമായ ഏകതയെക്കുറിച്ചും ഹൃദയാന്തരത്തിൽ നിന്നുയരുന്ന പ്രേമത്തെക്കുറിച്ചും അമ്മ സംസാരിച്ചപ്പോൾ, അമ്മയുടെ ജീവിതത്തിന്റെതന്നെ സന്ദേശമാണു മുഴങ്ങിക്കേട്ടതു്. സ്വാനുഭൂതിയുടെ ചൈതന്യവും ലോകത്തിനായർപ്പിച്ച ഒരു ജീവിതത്തിന്റെ കർമ്മനിരതത്വവും ഒത്തുചേർന്ന ആ വാക്കുകളുടെ ശക്തി അമോഘമാണു്. അവ നമ്മെ പവിത്രീകരിക്കുന്നു, നമ്മുടെ അന്തരാത്മാവിൽ വെളിച്ചം വിതറുന്നു. നമ്മുടെ കർമ്മങ്ങളിൽ വിശ്വപ്രേമത്തിന്റെ അമൃതം ചാലിക്കുന്നു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ





*ഓം*

*അസതോ മാ സദ്ഗമയ*

*തമസോ മാ ജ്യോതിർഗമയ*

*മൃത്യോർ മാ അമൃതംഗമയ*

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

അസത്യത്തിൽനിന്നു സത്യത്തിലേക്ക്,
അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്ക്,
മൃത്യുവിൽനിന്ന് അമൃതത്വത്തിലേക്കു
ഞങ്ങളെ നയിക്കേണമേ.

*ഓം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു*

*ഓം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു*

*ഓം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു*

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

ലോകത്തിലെ സമസ്തജീവജാലങ്ങളും സുഖത്തിലും ശാന്തിയിലും വാഴട്ടെ. ലോകത്തോടു മുഴുവനുമുള്ള പ്രേമവും കരുണയുംകൊണ്ടു നമ്മുടെ ഹൃദയങ്ങൾ പ്രഫുല്ലമാകട്ടെ. നമ്മുടെ ഉള്ളിലും നാം ജീവിക്കുന്ന സമൂഹത്തിലും സമസ്തപ്രകൃതിയിലും സമ്പൂർണ്ണമായ ശാന്തി ഭവിക്കട്ടെ.

(സഹസ്രാബ്ദ ലോകസമാധാന ആത്മീയ ഉച്ചകോടിയുടെ ഉദ്ഘാടന വേളയിൽ (2000 ആഗസ്റ്റ് 28) അമ്മ ചൊല്ലിയ പ്രാർത്ഥന)



# ഉണ്മയിലേക്കുണരൂ...

ഐക്യരാഷ്ട്രസഭ സംഘടിപ്പിച്ച സഹസ്രാബ്ദ
ലോകസമാധാന ആത്മീയ ഉച്ചകോടിയിൽ
2000 ആഗസ്റ്റ് 29-ന് അമ്മ ചെയ്ത പ്രഭാഷണം



പ്രേമസ്വരൂപികളും ആത്മസ്വരൂപികളുമായ ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവർക്കും നമസ്കാരം.

പുതിയ ആയിരത്താണ്ടിലേക്കു നാം പുതുമയുടെ നിറഞ്ഞ പ്രതീക്ഷയോടെ കാലെടുത്തുവച്ചിരിക്കുകയാണ്. പുതുമയുടെ നിറവും മണവും എല്ലാ ഹൃദയങ്ങളിലും നിറയട്ടെ. കേവലം അക്കങ്ങൾ മാറുന്നതുകൊണ്ടുമാത്രം ഒന്നും സംഭവിക്കുന്നില്ല. മാറ്റം സംഭവിക്കേണ്ടതു നമ്മുടെ ഉള്ളിലാണ്. നമ്മുടെ ഉള്ളിൽ നിന്നു വിഭാഗീയചിന്തകളും സംഘർഷങ്ങളും തുടച്ചുമാറ്റിയാൽ മാത്രമേ ലോകത്തിൽ യഥാർത്ഥമായ ശാന്തിയും സമാധാനവും കൈവരിക്കാൻ കഴിയൂ. ലോകസമാധാനം എന്ന ലക്ഷ്യത്തോടെ,

വ്യത്യസ്തത പുലർത്തുന്ന വിവിധ ലോകരാഷ്ട്രങ്ങളെയും ജന വിഭാഗങ്ങളെയും ഒരുമിപ്പിക്കാനും അവർക്കിടയിൽ ശാന്തി യും ഐക്യവും കൈവരിക്കാനും ഐക്യരാഷ്ട്രസഭ ചെയ്തു കൊണ്ടിരിക്കുന്ന വിലമതിക്കാനാവാത്ത സേവനങ്ങൾ ഹൃദ യം നിറഞ്ഞ അഭിനന്ദനം അർഹിക്കുന്നു. ആത്മാർത്ഥമായ ആ പരിശ്രമത്തിനും ഹൃദയവിശാലതയ്ക്കും മുന്നിൽ അമ്മ നമിക്കുന്നു.

മനുഷ്യരാശി ഭൂമുഖത്ത് ഉദയം ചെയ്തതു മുതൽ പുരോഗ തിയുടെ നാഴികക്കല്ലുകൾ പലതും നാം പിന്നിട്ടു. ശാന്തി യും സമാധാനവും ക്ഷേമവും തേടിയുള്ള ഒരു നീണ്ട യാത്ര യായിരുന്നു അത്. പുതിയ സഹസ്രാബ്ദം പോയ കാലങ്ങളെ ക്കാൾ ഉത്കൃഷ്ടമാക്കുവാനുള്ള ഒരു കടമ ഇന്നത്തെ മനുഷ്യ സമൂഹത്തിനുണ്ട്. കഴിഞ്ഞ കാലങ്ങളെക്കാൾ ക്ഷേമവും ഐശ്വര്യവും നിറഞ്ഞ ഒരു ലോകം മാത്രമല്ല നമ്മുടെ ലക്ഷ്യം, അതിലുപരി ശാന്തിയും സമാധാനവും സഹാനുഭൂതിയും ഐ ക്യവും പുലരുന്ന ഒരു ലോകമാണ് ഇനി നാം പടുത്തുയർ ത്തേണ്ടത്. നാം കേവലം ഭൗതികമായി പുരോഗമിച്ചാൽ മാത്രം പോരാ, ലോകമൊന്നാകെ ധാർമ്മികമായും സാംസ്കാരിക മായും ആദ്ധ്യാത്മികമായും പുരോഗതി പ്രാപിക്കണം.

ഇന്നു ലോകത്തു നൂറുകണക്കിനു രാഷ്ട്രങ്ങളും മതങ്ങളു മുണ്ട്. രാഷ്ട്രങ്ങൾ, മതങ്ങൾ എന്നു പറയുമ്പോൾത്തന്നെ അവിടെ വിഭജനവും വൈവിധ്യവും വന്നുകഴിഞ്ഞു. ഓരോ രാഷ്ട്രത്തിനും ഓരോ മതത്തിനും അതിന്റേതായ സവിശേഷതകളും താത്പര്യങ്ങളും ഉണ്ടാകും. ലോകത്തിൽ ശാന്തിയും സമാധാനവും ക്ഷേമവും പുലരുന്നതിന് ഈ വൈവിദ്ധ്യങ്ങൾ തടസ്സമായിത്തോന്നാം. എന്നാൽ, ഈ

വൈവിദ്ധ്യങ്ങൾതന്നെയാണു നമ്മുടെ ഭൂമിയെയും മനുഷ്യ ജീവിതത്തെയും മനോഹരമാക്കുന്നത്. ഒരേ വർണ്ണത്തിലുള്ള പൂക്കൾ മാത്രമുള്ള പൂച്ചെണ്ടിനെക്കാൾ, വിവിധ വർണ്ണങ്ങ ളിലുള്ള അനേകം പൂക്കൾ ഒന്നിച്ചുചേർത്ത പൂച്ചെണ്ട് ഏറെ മനോഹരമായിരിക്കും. ഈ ലോകത്തിലെ വൈവിദ്ധ്യങ്ങളെ നമുക്ക് ഇല്ലാതാക്കാൻ കഴിയില്ല. എന്നാൽ, ചില ഉത്കൃഷ്ട ങ്ങളായ മൂല്യങ്ങൾ നാം ഉൾക്കൊള്ളുകയാണെങ്കിൽ ഈ വൈവിദ്ധ്യങ്ങളിലൂടെയും വ്യത്യാസങ്ങളിലൂടെയും കൂടുതൽ മനോഹരമായ ഒരു ലോകം സൃഷ്ടിക്കുവാൻ നമുക്കു കഴിയും.

പിന്നിട്ട കാലഘട്ടങ്ങൾ നമുക്കു സമ്മാനിച്ച ജീവിതാനുഭവ ങ്ങളിലൂടെ നാം ഏറെ പഠിച്ചിരിക്കുന്നു. രണ്ട് ലോകമഹാ യുദ്ധങ്ങളിലൂടെ യുദ്ധത്തിന്റെ ഭയാനകമായ കെടുതികൾ നാം കണ്ടുകഴിഞ്ഞു. മനുഷ്യസമൂഹത്തെ ഞെട്ടിച്ച നരഹത്യകൾക്കു നാം സാക്ഷ്യംവഹിച്ചിട്ടു കാലം അധികമായിട്ടില്ല. ഇന്നത്തെ ലോകത്തിൽ ആണവയുദ്ധ ഭീഷണിക്കു പുറമെ, ഭീകരപ്ര സ്ഥാനങ്ങളും ആഗോളവിപത്തായി വളർന്നുകൊണ്ടിരിക്കുന്നു. വംശീയകലാപങ്ങളും യുവാക്കളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന അക്രമണപ്രവണതകളും മയക്കുമരുന്നുകളുടെ വ്യാപനവും കുട്ടികളുടെ നേരെയുള്ള പീഡനങ്ങളും നമ്മെ അസ്വസ്ഥ രാക്കുന്നു. പട്ടിണിമരണങ്ങളും പുതിയ രോഗങ്ങളും പരിസര മലിനീകരണവും പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതുകൊണ്ടുള്ള ദുരിതങ്ങളും വെല്ലുവിളികളായി അവശേഷിക്കുന്നു.

ഇന്നു ശാസ്ത്രസാങ്കേതികവളർച്ചയിലൂടെ ഈ ഭൂമി ഒരു വീടു പോലെ ചുരുങ്ങിക്കഴിഞ്ഞു. പണ്ട് ഒരു നാട്ടുരാജ്യം ചുറ്റിവരാ നെടുക്കുന്ന സമയംകൊണ്ട് ഇന്നു ലോകം ചുറ്റിവരാൻ

കഴിയും. ഇ–മെയിൽ, സെൽഫോൺ തുടങ്ങിയവയുടെ കണ്ടു പിടിത്തംകൊണ്ടു് ഇന്നു് ലോകത്തിന്റെ ഏതു കോണിൽ നടക്കുന്ന സംഭവവും നിമിഷങ്ങൾക്കുള്ളിൽ എല്ലാവരും അറിയുകയും ഏറിയോ കുറഞ്ഞോ എല്ലാവരെയും അതു ബാധിക്കുകയും ചെയ്യുന്നു. ഇങ്ങനെ ബുദ്ധിയുടെ നേട്ടങ്ങളി ലൂടെ നമ്മൾ പരസ്പരം ബാഹ്യമായി അടുത്തിട്ടുണ്ടെങ്കിലും, ഇവയെല്ലാം കണ്ടുപിടിച്ച മനുഷ്യഹൃദയങ്ങൾ തമ്മിൽ ഇനി യും അടുത്തിട്ടില്ല. ഒരു വീട്ടിൽ മൂന്നുപേർ ഒരുമിച്ചു വസി ക്കുന്നുണ്ടെങ്കിൽ അവർ മൂന്നു ദ്വീപിലെന്നപോലെയാണു കഴി യുന്നതു്. മനുഷ്യൻ നേടിയ കൂടുതൽ അറിവും ശക്തിയും അവനിൽ സ്വാർത്ഥത വളർത്താനും അങ്ങനെ കൂടുതലായി ഒറ്റപ്പെടാനുമാണു് ഇടയാക്കിയിട്ടുള്ളതു്. ഈ ഒറ്റപ്പെടലാണു് എല്ലാ സംഘർഷങ്ങളുടെയും അടിസ്ഥാനകാരണം.

വ്യക്തികൾ ചേർന്നാണല്ലോ സമൂഹങ്ങളും രാഷ്ട്രങ്ങളും ഉണ്ടാ കുന്നതു്. ഇന്നത്തെ അസ്വസ്ഥതകളും ചരിത്രാതീതകാലം മുതലുള്ള ഓരോ സംഭവവും നാം പഠിക്കുമ്പോൾ, സംഘർഷ ങ്ങളും യുദ്ധങ്ങളും എല്ലാംതന്നെ വ്യക്തികളുടെ ഉള്ളിൽ വള ർന്ന അസ്വസ്ഥതയുടെ പരിണതഫലമാണെന്നു കാണാം. അതി നാൽ ലോകശാന്തിയുടെ താക്കോൽ ഓരോ വ്യക്തിയുടെയും കൈയിലാണു്. ഒരു വീടിന്റെ താക്കോൽ നഷ്ടമാകാതെ സൂക്ഷി ക്കുന്നതിൽ വീട്ടിലെ ഓരോ അംഗത്തിനും പങ്കുണ്ടു്. അതു പോലെ ലോകശാന്തിയുടെ ഉത്തരവാദിത്വം നമ്മൾ ഓരോരു ത്തരിലും നിക്ഷിപ്തമാണു്. ലോകസമാധാനം യാഥാർത്ഥ്യമാക ണമെങ്കിൽ ആദ്യം നമ്മുടെ ഉള്ളിൽ ശാന്തിയും സമാധാന വും പ്രേമവും നിറയണം. നമ്മുടെ ഉള്ളിലെ മനുഷ്യത്വത്തെ ഉണർത്തണം. വാസ്തവത്തിൽ പ്രേമവും ഐക്യവും മനുഷ്യപ്ര

കൃതിക്കു് അന്യമല്ല. മനുഷ്യചേതനയുടെ ഏറ്റവും അടിസ്ഥാന പരമായ പ്രേരണകളാണവ. നമ്മുടെ ഉണ്മയെക്കുറിച്ചുള്ള അവ ബോധമില്ലായ്മയിൽനിന്നാണു് എല്ലാ തിന്മകളും ഉടലെടുക്കുന്നതു്. ഈ ലോകം നാനാത്വം നിറഞ്ഞതാണു്, വൈവിധ്യ പൂർണ്ണമാണു്. എന്നാൽ ലോകത്തിന്റെ ആയിരമായിരം മുഖങ്ങളിലൂടെ പ്രകാശിക്കുന്നതു് ഏകസത്യമാണു്. കല്ലും മണ്ണും മലകളും മാമരങ്ങളും സൂര്യനും ചന്ദ്രനും ഞാനും നിങ്ങളുമെല്ലാം ആ ഏകസത്യത്തിന്റെ സ്ഫുലിംഗങ്ങളാണു്. ഈ സത്യത്തെ സ്വാനുഭൂതിയിലൂടെ അറിഞ്ഞവർ എത്രയോ ഈ ഭൂമുഖത്തു് ഉണ്ടായിട്ടുണ്ടു്, ഇനി ഉണ്ടാവുകയും ചെയ്യും. ആധുനികശാസ്ത്രവും ആ ഏകസത്യദർശനത്തിലേക്കു് അടുത്തുകൊണ്ടിരിക്കുന്നു.

## ലോകം ഒരു കുടുംബമാണു്

ഈ ലോകം ഒരു കുടുംബമാണു; നാം എല്ലാം അതിലെ അംഗങ്ങളും. ഒരു വീട്ടിൽ താമസിക്കുന്നവർ തങ്ങൾ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന ബോധത്തോടെ അവരവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുമ്പോഴാണു് അവിടെ ശാന്തിയും ഐക്യവും ഉണ്ടാകുന്നതു്. താൻ ഒരു പ്രത്യേക വംശത്തിൽപ്പെട്ട ആളാണെന്നോ പ്രത്യേക രാഷ്ട്രത്തിലെ പൗരനാണെന്നോ മാത്രം ചിന്തിക്കാതെ നാം ലോകകുടുംബത്തിലെ അംഗങ്ങളാണെന്ന ബോധത്തോടെ പ്രവർത്തിക്കുമ്പോൾ വിഭജനത്തിന്റെയും സംഘർഷങ്ങളുടെയും കണ്ണീരു വീണു കുതിർന്ന ഈ മണ്ണിൽ ശാന്തിയും സമാധാനവും വിടരും.

ലോകത്തിന്റെ പലഭാഗത്തും സഞ്ചരിക്കുമ്പോൾ പല മക്കളും അമ്മയുടെ അടുത്തു വന്നു് അവരുടെ ദുഃഖങ്ങൾ പറയാറുണ്ടു്.

ഒരു മോൾ വന്നു പറഞ്ഞു, 'അമ്മേ, എന്റെ ഭർത്താവിനെ ചിലർ വെട്ടിക്കൊന്നു.' ചില മക്കൾ കരഞ്ഞുകൊണ്ടു പറഞ്ഞു 'അമ്മാ, ഞങ്ങളുടെ കുടുംബത്തെ ഒന്നാകെ ചുട്ടുകൊന്നു!' വേറെ ചില മക്കൾ വേദനയോടെ പറഞ്ഞു, 'ഞങ്ങളുടെ ബന്ധുക്കളെ ലഹളക്കാർ വെടിവച്ചുകൊന്നു' ഇങ്ങനെയുള്ള എത്രയോ സങ്കടങ്ങൾ അമ്മയ്ക്കു കേൾക്കേണ്ടി വന്നിട്ടുണ്ട്. സംഘട്ടനങ്ങൾ ചിലപ്പോൾ ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിലായിരിക്കും. ചിലപ്പോൾ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലായിരിക്കും. ചിലപ്പോൾ ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിലായിരിക്കും. അല്ലെങ്കിൽ മറ്റേതെങ്കിലും മതവിഭാഗങ്ങൾ തമ്മിലോ വംശങ്ങൾ തമ്മിലോ രാജ്യങ്ങൾ തമ്മിലോ ആയിരിക്കും. അതെല്ലാം കേൾക്കുമ്പോൾ അമ്മയ്ക്കു വളരെ ദുഃഖം തോന്നാറുണ്ട്. ജനങ്ങൾ മതത്തിന്റെ യഥാർത്ഥ ആദർശം ഉൾക്കൊള്ളുന്നില്ല എന്നതാണ്ു ഈ സംഘർഷങ്ങളുടെ കാരണം. നമുക്ക്ു ഏതു മതത്തിലും വിശ്വസിക്കാം. ഏതു രാജ്യത്തിലെയും പൗരനാകാം. എന്നാൽ, അവ കാരണം നാം നമ്മുടെ മാനുഷികമൂല്യങ്ങൾ മറക്കരുത്. നമ്മുടെ മനുഷ്യത്വം കൈവെടിയരുത്.

രണ്ടു രാഷ്ട്രങ്ങളുടെ ഇടയിൽ ഒരു തടാകം ഉണ്ടായിരുന്നു. അതിന്റെ അവകാശത്തെച്ചൊല്ലി രണ്ടു രാജ്യക്കാരും ശത്രുത വച്ചുപുലർത്തിയിരുന്നു. ഇരുരാജ്യക്കാരും ആ തടാകത്തിൽ ഉല്ലാസയാത്രയ്ക്കു പോകുമായിരുന്നു. ഒരു ദിവസം പെട്ടെന്നു കൊടുങ്കാറ്റിൽപ്പെട്ടു തടാകത്തിൽ യാത്ര ചെയ്തിരുന്ന ബോട്ടുകൾ മറിഞ്ഞു. ഒരു യാത്രക്കാരൻ കരപറ്റാൻ കഴിയാതെ മുങ്ങിത്താഴാൻ തുടങ്ങവെ ഒരു സഹയാത്രികൻ നീന്തി അടുത്തെത്തി സഹായിച്ചു.അങ്ങനെ രണ്ടുപേരും സുരക്ഷി

തരായി കരയിലെത്തി. ഇരുവരും പരസ്പരം ആലിംഗനം ചെയ്തു പേരും നാടും ചോദിച്ചു. അപ്പോഴാണറിഞ്ഞതു് രണ്ടു പേരും ശത്രുരാജ്യങ്ങളിൽ നിന്നുള്ളവരാണെന്നു്! അതോടെ പരസ്പരം ദേഷ്യമായി. തങ്ങൾ ഇന്ന രാജ്യക്കാരാണെന്ന ചിന്ത ഇല്ലാതിരുന്നപ്പോൾ അവിടെ മനുഷ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ സ്നേഹവും ഐക്യവും ഉണ്ടായിരുന്നു. തങ്ങൾ ശത്രുരാജ്യക്കാരാണെന്ന അറിവുവന്നപ്പോൾ അവിടെ വെറുപ്പും വിദ്വേഷവുമായി. നാമെല്ലാം അടിസ്ഥാനപരമായി മനുഷ്യരാണു്. ഒരേ ലോകകുടുംബത്തിലെ അംഗങ്ങളാണു്. അതിനുശേഷം മാത്രമാണു നാം ഏതെങ്കിലും മതത്തിലെയോ രാജ്യത്തിലെയോ അംഗങ്ങളാകുന്നതു്. അതിനാൽ നാം ഏറ്റവും ആദ്യം സംരക്ഷിക്കേണ്ടതു നമ്മുടെ മനുഷ്യത്വമാണു്. ഏതെങ്കിലും മതത്തോടോ രാജ്യത്തോടോ വിഭാഗത്തോടോ ഉള്ളകൂറു നമുക്കു നമ്മുടെ മാനുഷികമൂല്യങ്ങൾ നഷ്ടപ്പെടാൻ വഴിതെളിക്കരുതു്.

നാം ആരുംതന്നെ ഒറ്റപ്പെട്ട ദ്വീപുകളല്ല, ഒരു വലിയജീവശൃംഖലയിലെ കണ്ണികളാണു്. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും അറിഞ്ഞോ അറിയാതെയോ എല്ലാവരെയും സ്വാധീനിക്കുന്നുണ്ടു്. ഈ പ്രപഞ്ചമൊന്നാകെ പരസ്പരാശ്രയത്തിലും പരസ്പരപോഷണത്തിലും അധിഷ്ഠിതമാണു്. ആ താളലയത്തിന്റെ പേരാണു ധർമ്മമെന്നതു്. ഈ ലോകത്തിലെ ഓരോ ജീവിയുടെയും ദുഃഖം നമ്മുടെ ഓരോരുത്തരുടെയും ദുഃഖമാണു്. അതുപോലെ ഓരോ ജീവിയുടെയും സന്തോഷം നമ്മുടെയെല്ലാം സന്തോഷമാണു്. നമുക്കു നമ്മെ ദ്രോഹിക്കാതെ പ്രകൃതിയിലെ ഒരുറുമ്പിനെപ്പോലും ദ്രോഹിക്കാൻ കഴിയില്ല. പരപീഡനം ആത്മപീഡനത്തിന്റെതന്നെ മറ്റൊരു മുഖമാണു്.

അതുപോലെ പരോപകാരം ആത്മോദ്ധാരണമല്ലാതെ മറ്റൊന്നല്ല. സ്വാർത്ഥത എപ്പോഴും ആത്മപരാജയത്തിലേക്കേ വഴി തെളിക്കുകയുള്ളൂ. ധർമ്മത്തിൽ അധിഷ്ഠിതമായ സുഖം മാത്രമേ നമ്മെ ശാശ്വതാനന്ദത്തിലേക്കു നയിക്കൂ.

ഒരാൾ വീട്ടുമുറ്റത്തു മെഴുകുതിരിവിളക്കിന്റെ വെളിച്ചത്തിൽ ഇരിക്കവെ, ഒരു കാറ്റു വന്നു മെഴുകുതിരി അണയ്ക്കുന്നു. അപ്പോൾ മാത്രമാണു് ആകാശത്തിൽ പുഞ്ചിരിപൊഴിക്കുന്ന പൂർണ്ണചന്ദ്രന്റെയും പൂനിലാവിന്റെയും മനോഹാരിതയെക്കുറിച്ചു് അയാൾ ബോധവാനാകുന്നതു്. ആ ചന്ദ്രികയെ ഒരു കാറ്റിനും കെടുത്താനാവില്ല. ഇതുപോലെ നമ്മുടെ സ്വാർത്ഥതയെ നാം ത്യജിക്കുമ്പോൾ നമുക്കു ലഭിക്കുന്ന ആനന്ദം മഹത്താണു്, ചിരസ്ഥായിയുമാണു്. ഈ ലോകത്തിലെ സർവ്വചരാചരങ്ങളെയും നമ്മുടെതന്നെ അംശമായിക്കാണാൻ കഴിയുന്ന ഒരു ഭാവത്തിലേക്കു നമുക്കു് ഉയരേണ്ടിയിരിക്കുന്നു. ഇടതുകൈ മുറിഞ്ഞാൽ വലതു കൈ ആശ്വസിപ്പിക്കാനെത്തുന്നതുപോലെ ഓരോ ജീവിയുടെയും ദുഃഖം നമ്മുടെ ദുഃഖമായി അനുഭവിച്ചു് അതിനു ശമനം ഉണ്ടാക്കാനുള്ള വ്യഗ്രത നമ്മിൽ ഉണരണം.

ഓരോ ജീവനിൽനിന്നുമുള്ള നന്മയുടെയും തിന്മയുടെയും സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും തരംഗങ്ങൾ ഈ പ്രപഞ്ചമൊന്നാകെ വ്യാപിക്കുകയും നമ്മിൽ ഓരോരുത്തരെയും സ്വാധീനിക്കുകയും ചെയ്യുന്നുണ്ടു്. നാം ചെയ്യുന്ന നല്ലതും ചീത്തയുമായ ഏതൊരു പ്രവൃത്തിയുടെയും ഫലം ഇന്നല്ലെങ്കിൽ നാളെ നമ്മിലേക്കു തിരിച്ചുവരും. മനുഷ്യൻ ഈ സത്യം പലപ്പോഴും മറന്നു പോകുന്നു. ഈ അജ്ഞതയിൽനിന്നാണു സംഘർഷങ്ങൾ ഉടലെടുക്കുന്നതു്.

മനുഷ്യർ വ്യത്യസ്തസ്വഭാവക്കാരാണ്. അവരുടെ ആശയങ്ങളും അഭിലാഷങ്ങളും പലപ്പോഴും പരസ്പരവിരുദ്ധങ്ങളുമായേക്കാം. എന്നിരുന്നാലും നമുക്കെല്ലാംകൂടി വസിക്കുവാൻ ഈ ഒരു ഭൂമി മാത്രമേയുള്ളൂ. അതുകൊണ്ടു നമ്മുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം നാം ഇവിടെത്തന്നെ കണ്ടേ മതിയാവൂ. പ്രപഞ്ചമാതാവിന്റെ നെറ്റിയിൽ ചാർത്തിയ ഈ നീലപ്പൊട്ടിനെ നിമിഷമാത്രകൊണ്ടു നശിപ്പിക്കുവാൻ മനുഷ്യനു് ഇന്നു കഴിവുണ്ടു്. എന്നാൽ അതുപോലെതന്നെ ഈ ഭൂമിയെ ആനന്ദസ്വർഗ്ഗമാക്കി മാറ്റാനുള്ള കഴിവും അവനിൽ അന്തർല്ലീനമായിട്ടുണ്ടു്. ഇതിൽ ഏതുവഴി അവൻ തിരഞ്ഞെടുക്കുന്നു എന്നതിനെ ആശ്രയിച്ചാണു മനുഷ്യരാശിയുടെ ഭാവിനിർണ്ണയിക്കപ്പെടാൻ പോകുന്നതു്.

## മതങ്ങളുടെ അന്തഃസാരം ഉൾക്കൊള്ളുക

എല്ലാ മതങ്ങളുടെയും അന്തഃസാരം ഒന്നാണ്–മനുഷ്യമനസ്സിനെ പവിത്രീകരിക്കുക, സ്വാർത്ഥത വെടിഞ്ഞു സഹജീവികളെ സ്നേഹിക്കുക, പരമതത്ത്വത്തിൽ നമ്മുടെ അഹംബുദ്ധി സമർപ്പിച്ചു സമഷ്ടിബോധത്തിലേക്കുയരുക എന്നതാണതു്. മതത്തിന്റെ കാതൽ, മനുഷ്യത്വം വളർത്തുക, നമ്മിലെ ദിവ്യത്വത്തെ ഉണർത്തുക എന്നതാണു്. മതത്തിന്റെ പ്രവാചകന്മാർ ഈ ലക്ഷ്യം സ്വജീവിതങ്ങളിൽ സാക്ഷാത്കരിച്ചിരുന്നു. എന്നാൽ, അനുയായികൾക്കു പലപ്പോഴും ഈ അന്തഃസാരം ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. അവർ ഏറെക്കുറെ മതത്തിന്റെ ഉപരിപ്ലവമായ തലങ്ങളിലാണു ഭ്രമിച്ചുപോയതു്. തന്മൂലം മതങ്ങൾക്കു സൃഷ്ടിപരവും സംഹാരകവുമായ രണ്ടു മുഖങ്ങൾ ഉണ്ടായി. ലോകത്തു ശാന്തിയും സാഹോദര്യവും വളർത്തേ

ണ്ടമതങ്ങൾ സംഘർഷത്തിനും യുദ്ധത്തിനും വഴിതെളിക്കാനിടയായതു് അങ്ങനെയാണു്. മതത്തിന്റെ ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽ ഭ്രമിക്കാതെ അതിന്റെ അന്തഃസാരം ഉൾക്കൊള്ളാൻ നാം തയ്യാറാവുകയാണെങ്കിൽ തീർച്ചയായും മതങ്ങൾ ലോകശാന്തിക്കു വഴിതെളിക്കും. ആചാരങ്ങൾ ആവശ്യമില്ലെന്നല്ല, തീർച്ചയായും അവയ്ക്കു പ്രാധാന്യമുണ്ടു്. സാധാരണ ജനങ്ങൾക്കു് ആചാരങ്ങളിലൂടെയേ മുന്നോട്ടുപോകുവാൻ കഴിയൂ. എന്നാൽ, അവ മതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്കു് എത്താനുള്ള ഉപാധികൾ മാത്രമാണെന്നു നാം മനസ്സിലാക്കണം. ഒരാളിനു് ഒരു നദി കടന്നിട്ടുവേണം ലക്ഷ്യത്തിലെത്തുവാൻ എന്നിരിക്കട്ടെ. വള്ളത്തിൽ കയറി നദിക്കു് അക്കരെ എത്തിയാൽപ്പിന്നെ വള്ളത്തെ ഉപേക്ഷിച്ചു മുന്നോട്ടു നീങ്ങാൻ അയാൾ തയ്യാറാകണം. എങ്കിലേ ലക്ഷ്യത്തിലെത്തുവാൻ കഴിയൂ. അതുപോലെ ആചാരാനുഷ്ഠാനങ്ങളിലൂടെ മതത്തിന്റെ യഥാർത്ഥതത്ത്വത്തിൽ എത്തിച്ചേരുകയാണു നമുക്കാവശ്യം, അവയെത്തന്നെ മുറുകെപ്പിടിച്ചിരിക്കുകയല്ല. മതത്തിന്റെ ബാഹ്യരൂപങ്ങൾക്കുപരി അവ അനുശാസിക്കുന്ന ആദർശങ്ങൾക്കും ലക്ഷ്യത്തിനുമാണു നാം പ്രാധാന്യം നല്കേണ്ടതു്. മതം മനുഷ്യനു വേണ്ടിയുള്ളതാണു്, മനുഷ്യൻ മതത്തിനുവേണ്ടിയല്ല എന്ന സത്യം നാം വിസ്മരിക്കരുതു്.

മതം അനുശാസിക്കുന്ന മാമൂലുകൾ പലതും അവ നിലവിൽ വന്ന കാലഘട്ടങ്ങളിലെ ആവശ്യങ്ങൾക്കു് അനുസരിച്ചു രൂപവത്കരിച്ചതാണു്. ആധുനികകാലത്തെ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ അവ പുനഃപരിശോധിക്കാനും കാലാനുസരണം മാറ്റങ്ങൾ ഉൾക്കൊള്ളാനും നാം തയ്യാറാകണം. സ്നേഹം,

സഹിഷ്ണുത തുടങ്ങിയ ആദർശങ്ങൾ കേവലം അവന വന്റെ മതത്തിൽ വിശ്വസിക്കുന്നവരോടു മാത്രം പാലി ക്കേണ്ടവയാണെന്ന് ഒരു മതസ്ഥാപകനോ മഹാത്മാവോ പറ ഞ്ഞിട്ടില്ല. അവ സാർവ്വലൗകികമൂല്യങ്ങളാണ്. ഉപരിപ്ലവമായ മതപ്രചാരണമല്ല, മതത്തിന്റെ അന്തഃസാരം ജനങ്ങൾ ഉൾക്കൊ ള്ളുന്നതിൽ ഊന്നൽ നല്കുകയാണ് ഇന്നത്തെ കാലഘട്ട ത്തിന്റെ ആവശ്യം.

## മതമൈത്രിയുടെ പുതുയുഗം

സംസ്കൃതിയുടെ അളവുകോൽ സഹിഷ്ണുതയും വിയോജി ക്കുന്നവരെക്കൂടി ഉൾക്കൊള്ളാനുള്ള വിശാലതയുമാണ്. ഈ അവബോധത്തോടെ ഇന്നത്തെ പ്രശ്നങ്ങളെ സമീപിക്കാനും ഭിന്നതകളെ ഉൾക്കൊള്ളാനും നമുക്കു കഴിയണം. കഴിഞ്ഞ കാലങ്ങളിലെ പാളിച്ചകളും പരാജയങ്ങളും നമുക്കു മറക്കാം. ആഗോളസഹകരണത്തിന്റെ ഈ യുഗത്തിൽ ഓരോ മതവി ഭാഗവും കാലത്തിന്റെ വിളി ഉൾക്കൊള്ളാൻ തയ്യാറാകണം. ഹിംസാത്മകത ഉപേക്ഷിച്ചു മൈത്രിയുടെയും സഹകരണത്തി ന്റെയും ഒരു പുതുയുഗപ്പിറവിക്കു സ്വാഗതമോതാനുള്ള ശുഭമുഹൂർത്തമാണിത്.

## സംഘർഷമേഖലകൾ തിരിച്ചറിയുക

പ്രഥമമായി വേണ്ടതു മതത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിൽ അധിഷ്ഠിതമായ ഗൗരവപൂർണ്ണമായ, ഹൃദയംതുറന്ന, ചർച്ച കളും ആശയവിനിമയവുമാണ്. ഇവയിലൂടെ ഓരോ മത വിഭാഗവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും സം ഘർഷമുണ്ടാകുന്ന മേഖലകളെക്കുറിച്ചും ഉൾക്കാഴ്ചയോടെ

മനസ്സിലാക്കാൻ നമുക്കുകഴിയും. മതസ്വാതന്ത്ര്യം, മതമൗലി കവാദം, മതപരിവർത്തനം തുടങ്ങിയ പ്രശ്നങ്ങൾ ഹൃദയം തുറന്നു ചർച്ച ചെയ്തു് ഏവർക്കും സ്വീകാര്യമായ മാർഗ്ഗ നിർദ്ദേശകതത്ത്വങ്ങൾ രൂപവത്കരിക്കണം.

എന്നാൽ, ഇത്തരം ചർച്ചകൾ ഫലവത്താകണമെങ്കിൽ നമ്മു ടെ ഉള്ളിൽ ആദ്യം സമാധാനത്തിന്റെ വിത്തു പാകണം. യ ഥാർത്ഥശാന്തി അനുഭവിക്കുന്നവനു മാത്രമേ അന്യനു ശാന്തി കൊടുക്കാൻ കഴിയൂ. നമ്മുടെ ഉള്ളിൽ നിന്നു വെറുപ്പും വിദ്വേ ഷവും മാറാതെ പുറമെ എത്രതന്നെ സമാധാനശ്രമങ്ങൾ ന ടത്തിയാലും അതുകൊണ്ടു്, ശാശ്വതമായ ശാന്തി കിട്ടാൻ സാ ദ്ധ്യമല്ല. അതിനുള്ള ശ്രമങ്ങൾപോലും നമ്മുടെ രാഗദ്വേഷങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കും.

എ, ബി, സി എന്നിങ്ങനെ മൂന്നു രാജ്യങ്ങൾ തമ്മിൽ കടുത്ത ശത്രുതയിലായിരുന്നു. പരസ്പരയുദ്ധംമൂലം മൂന്നു കൂട്ടർക്കും ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായി. അവസാനം അവർ ഒരു സന്ധി സംഭാഷണത്തിനു തീരുമാനിച്ചു. സമ്മേളനത്തിനു തുടക്കം കുറിച്ചുകൊണ്ടു മൂന്നു രാഷ്ട്രത്തലവന്മാരുംകൂടി ഒരു വട്ടമേശ യ്ക്കു ചുറ്റുമിരുന്നു പ്രാർത്ഥിച്ചു.

ലോകത്തിൽ ശാന്തി കൊണ്ടുവരാനുള്ള ഈ രാഷ്ട്രത്തല വന്മാരുടെ പ്രയത്നത്തിൽ ദൈവത്തിനു വളരെ സന്തോഷം തോന്നി. അവരുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ അവിട ന്നു തീരുമാനിച്ചു. ഈശ്വരൻ അവരുടെ മുന്നിൽ പ്രത്യക്ഷ നായി. എ യുടെ ഭരണാധികാരിയോടു ലോകത്തിൽ ശാന്തിയും സമാധാനവും പുലരാൻ നിങ്ങളാവശ്യപ്പെടുന്നതു ചെയ്തുതരാമെന്നു വാഗ്ദാനം ചെയ്തു. “ബി യാണു ലോക

ത്തിൽ അശാന്തിയുടെ കാരണം. അതിനാൽ ബി എന്ന രാജ്യത്തെ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റണം!" എ ആവശ്യപ്പെട്ടു. ഇതുകേട്ടു ദൈവത്തിനു വിഷമംതോന്നി. അടുത്തതായി അദ്ദേഹം ബിയുടെ ഭരണത്തലവനോടു് എന്താണു നിങ്ങൾ നിർദ്ദേശിക്കുന്ന പരിഹാരമെന്നു ആരാഞ്ഞു. ബി പറഞ്ഞു, "ഇവിടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം എ ആണു്. ആ രാജ്യത്തെ ഭസ്മമാക്കണം" ദൈവത്തിനു കുറെക്കൂടി പ്രയാസമായി. അദ്ദേഹം സി യുടെ ആഗ്രഹം ചോദിച്ചു."ദൈവമേ, എനിക്കു സ്വന്തമായി യാതൊരു ആഗ്രഹവുമില്ല. അവിടന്നു് എ യുടെയും ബി യുടെയും പ്രാർത്ഥനകൾ സഫലമാക്കിക്കൊടുത്താൽ മാത്രം മതി" സി വിനയപൂർവ്വം പറഞ്ഞു.

ഈ രീതിയിലാണു് ഇന്നത്തെ സമാധാനശ്രമങ്ങൾ പോകുന്നതു്. പരസ്പരം ചിരിക്കുമ്പോൾക്കൂടിയും ഉള്ളിൽ വൈരം പുകയുകയാണു്. സമാധാനം എല്ലാ മനുഷ്യർക്കും ഏറ്റവും വിലപ്പെട്ടതാണു്. അതു യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും അഭാവം മാത്രമല്ല; അതിനപ്പുറമാണു്. സാമൂഹികതലത്തിലും കുടുംബബന്ധങ്ങളിലും അവനവന്റെ ഉള്ളിലും സമാധാനം പുലരേണ്ടതുണ്ടു്. ആണവായുധങ്ങൾ എല്ലാം കാഴ്ചബംഗ്ലാവിൽ കൊണ്ടുവന്നു വയ്ക്കുന്നതുകൊണ്ടുമാത്രം ലോകസമാധാനം കൈവരില്ല. മനസ്സിൽ നാം നിറച്ചിരിക്കുന്ന ആണവായുധങ്ങൾ ആദ്യം നശിപ്പിക്കണം. മതങ്ങൾക്കു നിർവ്വഹിക്കാനുള്ളതു് ആ ദൗത്യമാണു്.

## മതസ്വാതന്ത്ര്യം

ഇഷ്ടമുള്ള മതത്തിലും ആരാധനാസമ്പ്രദായത്തിലും വിശ്വസിക്കാനും ആചരിക്കാനും ഓരോ വ്യക്തിക്കുമുള്ള അവകാശം

പരിഷ്കൃതസമൂഹം പരക്കെ അംഗീകരിച്ചിട്ടുള്ളതാണ്. മത വിശ്വാസങ്ങൾക്കനുസരിച്ചു ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗങ്ങൾ ഓരോ രാജ്യത്തും ഉണ്ടാകും. എല്ലാ വിഭാഗങ്ങൾക്കും തുല്യ മായ അവകാശങ്ങൾ നല്കുന്ന വ്യവസ്ഥിതിയെ വേണം നാം പ്രോത്സാഹിപ്പിക്കുവാൻ. വിശേഷിച്ചും മതാധിഷ്ഠിത രാ ഷ്ട്രങ്ങളിൽ ന്യൂനപക്ഷവിഭാഗങ്ങളുടെയും അടിസ്ഥാനപര മായ മതസ്വാതന്ത്ര്യം സംരക്ഷിക്കാൻ മതാചാര്യന്മാർ പ്രേ രണ ചെലുത്തേണ്ടതാണ്.

## മതപരിവർത്തനം ഉയർത്തുന്ന പ്രശ്നങ്ങൾ

മതപ്രചാരണത്തിനുള്ള അവകാശം മതസ്വാതന്ത്ര്യത്തിന്റെ ഭാഗമായിട്ടാണു പൊതുവെ കണക്കാക്കപ്പെടുന്നത്. എന്നാൽ, രണ്ടു മതവിഭാഗങ്ങൾ തങ്ങളുടെ മതം പ്രചരിപ്പിക്കാൻ മത്സ രിക്കുമ്പോൾ അവിടെ സംഘർഷം ഉളവാകാം. അതുപോലെ തന്നെ സ്വന്തം മതാനുയായികൾക്കിടയിൽ അന്യമതപ്രചാരണം നടക്കുമ്പോൾ പരമ്പരാഗതവിശ്വാസങ്ങൾ നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായും സംഘട്ടനങ്ങൾ ഉടലെടുക്കാം. വിശേ ഷിച്ചും മതപരിവർത്തനത്തിന്റെ പേരിൽ കുടുംബങ്ങളും സമൂ ഹങ്ങളും ഛിന്നഭിന്നമാകുന്ന സാഹചര്യം ഉണ്ടാകുന്നു. അതി നാൽ, മതപരിവർത്തനത്തിന്റെ വിവിധവശങ്ങൾ മതാചാര്യന്മാർ ഒന്നിച്ചിരുന്നു ചർച്ച ചെയ്തു പൊതുസമ്മതമായ മാർഗ്ഗനിർ ദ്ദേശങ്ങൾ രൂപവത്കരിക്കണം.

സ്വന്തം മതത്തെപ്പറ്റി അനുയായികളെ പഠിപ്പിക്കുന്നതോടൊപ്പം മറ്റു മതങ്ങളെപ്പറ്റി സത്യസന്ധമായി പഠിക്കാനും അവയിലെ ഉത്കൃഷ്ടാശയങ്ങൾ ഉൾക്കൊള്ളാനുമുള്ള അവസരങ്ങൾ നാം സൃഷ്ടിക്കണം. മതത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ശ്രമി

ക്കുന്നതിനു പകരം മതാദർശങ്ങൾ സ്വമേധയാ ഉൾക്കൊള്ളാനുള്ള സാഹചര്യങ്ങൾ നാം സൃഷ്ടിച്ചാൽ മതിയാകും. ‘എല്ലായിടത്തുനിന്നും ഉദാത്തമായ ആശയങ്ങൾ നമ്മിളിലേക്കു വന്നുചേരട്ടെ’ എന്ന അർത്ഥത്തിലുള്ള ഒരു മന്ത്രം സനാതന ധർമ്മത്തിലുണ്ട്. ഇതാകട്ടെ ഈ പുതിയ സഹസ്രാബ്ദത്തിൽ മതങ്ങളുടെ മുദ്രാവാക്യം.

## മതമൗലികവാദം

മതമൗലികവാദവും അതിൽനിന്നു് ഉടലെടുക്കുന്ന ഭീകരപ്രവർത്തനങ്ങളും ആധുനികലോകം അഭിമുഖീകരിക്കുന്ന ഗൗരവമേറിയ പ്രശ്നമാണു്. മതത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ ശരിയായി ഉൾക്കൊള്ളാത്തതുകൊണ്ടും മതവികാരങ്ങളെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്നതുകൊണ്ടുമാണു് മതമൗലികവാദം വളരുന്നതു്. മതാചാര്യന്മാർ മാനുഷികമൂല്യങ്ങൾക്കു നിരക്കാത്ത വിധ്വംസകപ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തി അതിനെതിരായി ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുകയും വേണം.

## മതസംഘർഷങ്ങളുടെ മുറിവുണക്കാൻ

മതാചാര്യന്മാർക്കു നിർണ്ണായകസ്വാധീനമുള്ള രാജ്യങ്ങളിൽ വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിൽ സംഘർഷമുണ്ടാകുമ്പോൾ സമാധാനം പുനഃസ്ഥാപിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്കു് അവർ മുൻകൈയെടുക്കണം. അക്രമത്തിനു് ഇരയാകുന്ന ജനങ്ങളെ സമാശ്വസിപ്പിക്കുന്നതിലും അവർക്കുവേണ്ട സഹായമെത്തിക്കുന്നതിലും ആക്രമണകാരികളെ പ്രതിനിധാനം ചെയ്യുന്ന മതങ്ങളുടെ നേതാക്കൾതന്നെ മാതൃകാപ

രമായ പങ്കു് വഹിക്കണം. ഇന്നത്തെ പരിഷ്കൃതലോകസമൂഹത്തിൽ വാൾമുനയിൽക്കൂടിയല്ല മതതാത്പര്യങ്ങൾ സംരക്ഷിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതും. മനുഷ്യസമൂഹത്തിൽ വേലിക്കെട്ടുകൾ തീർക്കുകയല്ല; സ്നേഹത്തിന്റെ കൈകൾ കൊരുക്കുകയാണു മതങ്ങൾ നിർവ്വഹിക്കേണ്ട ചരിത്രദൗത്യം.

## സാമ്പത്തികാസമത്വം

സംഘർഷത്തിന്റെ മറ്റൊരു കാരണം ജനവിഭാഗങ്ങൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും നിലനില്ക്കുന്ന സാമ്പത്തികാസമത്വങ്ങളാണു്. മനുഷ്യന്റെ ഭൗതിക സുഖസൗകര്യങ്ങൾ വർദ്ധിച്ചതോടൊപ്പം സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരവും വളർന്നുകൊണ്ടിരിക്കുകയാണു്. ജനങ്ങൾക്കു് അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ സംഘർഷങ്ങളും അക്രമപ്രവണതകളും പെരുകുന്നു. മനുഷ്യന്റെ ക്ഷേമത്തെയും ശാന്തിയെയും കുറിച്ചു ചിന്തിക്കുമ്പോൾ ദാരിദ്ര്യവും രോഗവും സൃഷ്ടിക്കുന്ന പരാധീനതകൾ നാം മറക്കരുതു്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റപ്പെടാതിരിക്കുന്നിടത്തോളം കാലം ഉത്കൃഷ്ടമായ സംസ്കാരത്തെ പുല്കാനോ മനസ്സിന്റെ ഉദാത്തമായ ഭാവങ്ങളിലേക്കുയരാനോ മനുഷ്യനു സാദ്ധ്യമല്ല. ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തു പട്ടിണികൊണ്ടും രോഗംകൊണ്ടും ജനലക്ഷങ്ങൾ മരിക്കാനിടയാകുന്നതു ലോകത്തിലെ എല്ലാ രാഷ്ട്രങ്ങൾക്കും അപകീർത്തിയുണ്ടാക്കുന്ന ഒരു കളങ്കമാണു്. ലോകസമൂഹത്തിന്റെതന്നെ പരാജയമായി അതിനെ കാണാൻ നാം തയ്യാറാകണം. ഈ ലോകത്തിൽ സർവ്വജീവരാശിക്കും കഴിയുവാൻ വേണ്ടതെല്ലാമുണ്ടു്. എന്നാൽ ഒരു മനുഷ്യന്റെ അത്യാർത്തിക്കു നിവൃ

ത്തി വരുത്തുവാൻ വേണ്ടത്ര വിഭവങ്ങൾ ഇവിടെയില്ല. അതിനാൽ ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുകയാണു സുപ്രധാനമായ ഒരു കർത്തവ്യം.

അവശജനോദ്ധാരണം രാഷ്ട്രങ്ങളുടെയും ഭരണകർത്താക്കളുടെയും എന്നപോലെ മതാചാര്യന്മാരുടെയും സവിശേഷശ്രദ്ധ പതിയേണ്ട രംഗമാണ്. സഹജീവികളോടുള്ള കാരുണ്യമാണ് അദ്ധ്യാത്മികസാധനയുടെ ആരംഭം. ഈശ്വരൻ ആകാശത്തു സ്വർണ്ണസിംഹാസനത്തിലിരിക്കുന്ന ഒരു വ്യക്തിയല്ല. അവിടന്നു സർവ്വ ചരാചങ്ങളിലും കുടികൊള്ളുന്നു. ദീനരിലും ദരിദ്രരിലുമാണു നാം അവിടുത്തെ പൂജിക്കേണ്ടതു്. ഈശ്വരന്റെ സ്വഭാവം കാരുണ്യമാണ്. ആ കാരുണ്യം നമ്മുടെ ഹൃദയങ്ങളിലേക്കും കൈകളിലേക്കും നാം ആവാഹിക്കണം. മതത്തിന്റെ ഭാഷ മാമൂലുകളുടെ ഭാഷയല്ല, ഒറ്റപ്പെട്ട ഒരുവനു സമ്മാനിക്കുന്ന സാഹോദര്യം, വിശക്കുന്നവനു് എത്തിക്കുന്ന ആഹാരം, ദുഃഖിതന്റെ മുന്നിൽ വിടർത്തുന്ന പുഞ്ചിരി ഇവയാണു മതത്തിന്റെ യഥാർത്ഥ ഭാഷ. കഷ്ടപ്പെടുന്നവർക്കു് ആശ്വാസമേകുക എന്നതു് ഓരോ വ്യക്തിയുടെയും ധർമ്മമാണ്. തനിക്കുവേണ്ടി മാത്രമുള്ള ജീവിതം ജീവിതമല്ല; അതു മരണമാണ്.

## മനഃസംസ്കരണം ശാന്തിയുടെ ഉറവിടം

ഒരു ഭരണകൂടത്തിനു് അതിന്റെ കീഴിലുള്ള പ്രജകൾക്കു ഭക്ഷണവും വസ്ത്രവും പാർപ്പിടവും ആരോഗ്യവും മറ്റും നല്കി സംരക്ഷിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, അതുകൊണ്ടുമാത്രം ശാന്തിയും സമാധാനവും കൈവരുന്നില്ല. വ്യക്തിമനസ്സുകളിലെ സംഘർഷങ്ങളുടെതന്നെ പ്രതിഫലനമാണു ബാഹ്യലോകത്തിലെ സംഘർഷങ്ങൾ. മനഃശാന്തി മതത്തിലൂടെയേ

സാദ്ധ്യമാകൂ. മതം മനസ്സിന്റെ വിദ്യയാണു്. ഇന്നു ബാഹ്യപ്രപഞ്ചത്തെ നമുക്കു് എയർക്കണ്ടീഷൻ ചെയ്യാൻ കഴിയും. പക്ഷേ, നമ്മുടെ മനസ്സിനെ എയർക്കണ്ടീഷൻ ചെയ്യാൻ നാം ഇനിയും പഠിച്ചിട്ടില്ല. ക്ലോണിങ്ങിലൂടെ പുതിയ മനുഷ്യനെ സൃഷ്ടിക്കാൻ ശ്രമിക്കുന്ന നമ്മൾ തന്നിൽത്തന്നെ നന്മനിറഞ്ഞ മനുഷ്യനെ സൃഷ്ടിക്കാൻ ശ്രമിക്കുന്നില്ല. അതിനുള്ള മാർഗ്ഗമാണു മതം നമ്മെ പഠിപ്പിക്കുന്നതു്.

ഇന്നു്, പരിസ്ഥിതി സംരക്ഷിക്കേണ്ടതിനെപ്പറ്റി നാം ബോധവാന്മാരാണു്. വാഹനങ്ങളിൽനിന്നും ഫാക്ടറികളിൽ നിന്നും മറ്റു വ്യവസായശാലകളിൽനിന്നും ഉണ്ടാകുന്ന പുകയും മറ്റു മാലിന്യങ്ങളും അന്തരീക്ഷത്തെ അശുദ്ധമാക്കുന്നതിനെതിരെ നാം ശബ്ദമുയർത്തുന്നു. എന്നാൽ, ദുശ്ചിന്തയും ദുഷ്പ്രവൃത്തിയും മനുഷ്യമനസ്സിലും അന്തരീക്ഷത്തിലും സൃഷ്ടിക്കുന്ന മലിനീകരണത്തെക്കുറിച്ചു നാം മറക്കുന്നു. ആ വിഷം മറ്റേതു വിഷത്തെക്കാളും മാരകമാണെന്നു നാം അറിയണം. അതിനു മാനവരാശിയെത്തന്നെ നശിപ്പിക്കാൻ ശക്തിയുണ്ടു്. പരിസ്ഥിതി മാറ്റാൻ ആദ്യം മനഃസ്ഥിതിയാണു മാറേണ്ടതു്. കാരണം, മനഃസ്ഥിതി മാറ്റിയെടുത്താൽ ബാഹ്യപരിസ്ഥിതി എപ്രകാരം സംരക്ഷിക്കണമെന്നതിനെപ്പറ്റി ശരിയായ ഉൾക്കാഴ്ച നമുക്കുണ്ടാവും.

മനുഷ്യമനസ്സിനെ നന്നാക്കുന്നതിലൂടെ മാത്രമേ സമൂഹത്തിൽ ശാശ്വതവും ശുഭകരവുമായ മാറ്റം കൊണ്ടുവരാൻ കഴിയൂ. മനുഷ്യന്റെ ഉള്ളിലെ അഹങ്കാരവും അസൂയയും വെറുപ്പും വിദ്വേഷവും അകറ്റി അവിടെ പ്രേമത്തിന്റെ ദീപം കൊളുത്തുകയാണു മതം ചെയ്യുന്നതു്. ജനങ്ങൾക്കു ജീവിതമൂല്യങ്ങൾ സമ്മാനിക്കുകയാണു്, അവരിൽ സ്നേഹവും സ്വഭാവശുദ്ധിയും നിറയ്ക്കുകയാണു്, മതത്തിന്റെ ധർമ്മം.

# വിദ്യാഭ്യാസത്തിൽ ആദ്ധ്യാത്മികത

നാളത്തെ ലോകം സൃഷ്ടിക്കുന്നതു് ഇന്നത്തെ കുട്ടികളാണു്. കേവലം ഒരു രാഷ്ട്രത്തിലെ പൗരനോ മതത്തിന്റെ അനുയായിയോ മാത്രമായി അവരെ വളർത്തിക്കൊണ്ടുവരാതെ തങ്ങൾ ലോകകുടുംബത്തിലെ അംഗങ്ങളാണെന്ന ബോധം അവരിൽ സൃഷ്ടിക്കേണ്ടതുണ്ടു്. ഇളം മനസ്സുകളിൽ ഈ വിശ്വമാനവികസംസ്കാരം വേഗം വളർത്തിയെടുക്കാൻ കഴിയും. പോച്ചപ്പുറത്തുകൂടി കുറച്ചുനാൾ നടന്നാൽ വേഗം വഴിത്താര തെളിയും. പാറപ്പുറത്തു് അങ്ങനെ സംഭവിക്കില്ല. അതുപോലെ വേഗം സംസ്കരിച്ചെടുക്കാവുന്ന കുട്ടികളുടെ മനസ്സിൽ ആത്മീയമൂല്യങ്ങൾ വളർത്തണമെങ്കിൽ ആദ്ധ്യാത്മികതത്ത്വങ്ങൾ സാമാന്യവിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തീരണം. (അതിനു് ഐക്യരാഷ്ട്രസഭാസംഘടന മുൻകൈയെടുക്കേണ്ടതുണ്ടു്.) അതിനു നാം ഇനിയും വൈകിക്കൂടാ, വൈകിയാൽ ഭാവിതലമുറകൾ നമുക്കു നഷ്ടപ്പെടും.

സ്നേഹിക്കാൻ ആരുമില്ലാതെ ഒറ്റപ്പെടലിന്റെ ദുഃഖവും നൈരാശ്യവുംപേറി ജീവിതം നയിക്കുന്ന അനേകം യുവതീയുവാക്കൾ ഇന്നത്തെ ലോകത്തിലുണ്ടു്. എന്തു കൊടുക്കാം എന്നല്ല; എന്തുനേടാം എന്നുമാത്രം ചിന്തിക്കാൻ പഠിപ്പിക്കുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിയാണവർ. അവരുടെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാതെ വരുമ്പോൾ അക്രമത്തിന്റെ മാർഗ്ഗം അവർ സ്വീകരിക്കുന്നു. നയിക്കാനും മാതൃക കാട്ടാനും ആരുമില്ലാതെ പലരും മയക്കുമരുന്നിലും മദ്യത്തിലും അഭയം കണ്ടെത്തുന്നു. മനുഷ്യമനസ്സാകുന്ന പുഷ്പത്തെ കാർന്നുതിന്നുന്ന പുഴുക്കളാണു് ഇത്തരം വഴിപിഴപ്പിക്കുന്ന

ദുശ്ശീലങ്ങൾ. വഴിതെറ്റിയ നമ്മുടെ യുവജനങ്ങളെ ശരിയായ പാതയിലേക്കു കൊണ്ടുവരുവാനും സാമൂഹിക ബോധവും മാനുഷികഗുണങ്ങളുമുള്ള ഉത്തമപൗരന്മാരായി അവരെ മാറ്റിയെടുക്കാനും എല്ലാ മാധ്യമങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആത്മാർത്ഥമായി പരിശ്രമിച്ചേ മതിയാകൂ.

## രാഷ്ട്രങ്ങളുടെ പങ്ക്

പുതിയൊരു യുഗസൃഷ്ടിയിൽ രാഷ്ട്രങ്ങൾക്കും മഹത്തായ ഒരു പങ്കു നിർവ്വഹിക്കുവാനുണ്ട്. ഈ ലോകം ഒരു പുഷ്പ മാണ്; ലോകരാഷ്ട്രങ്ങൾ അതിലെ ഓരോ ദളവും. ഒരു ദളം പുഴുവെടുത്താൽ അതു വൈകാതെ മറ്റെല്ലാ ദളങ്ങളെയും ബാധിക്കും. ഈ ഒരു ബോധം ഉൾക്കൊണ്ടു ലോകരാഷ്ട്രങ്ങൾ സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും പുതി യൊരു സുവർണ്ണയുഗത്തിനു തുടക്കം കുറിക്കാൻ മുന്നോട്ടു വരണം. സ്നേഹം, സഹാനുഭൂതി, ഉദാരത തുടങ്ങിയ ഗുണങ്ങൾ കേവലം വ്യക്തികൾക്കു മാത്രം ഉണ്ടാകേണ്ടവയല്ല. അവ ഓരോ രാഷ്ട്രത്തിന്റെയും സമൂഹചേതനയുടെ മുഖമുദ്രയായി മാറണം. രാഷ്ട്രനായകന്മാർ ഇത്തരം ഉത്കൃഷ്ടാദർശങ്ങളുടെ പ രിപോഷണത്തിനാണു പരസ്പരം മത്സരിക്കേണ്ടത്. യുദ്ധവും സാമ്രാജ്യസ്ഥാപനവും ഭരണകർത്താക്കളുടെ ധർമ്മമാണ് എന്നു കരുതിയിരുന്ന ഇരുണ്ട കാലഘട്ടങ്ങളിൽനിന്നു നാം മുന്നേറിയിരിക്കുന്നു. സ്വേച്ഛാധിപത്യവും അടിച്ചമർത്തലും എല്ലാ രംഗങ്ങളിലും നിരുത്സാഹപ്പെടുത്താനും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാനും ഓരോ രാഷ്ട്രവും വിശേഷിച്ച് ഐക്യരാ ഷ്ട്രസംഘടനപോലുള്ള പ്രസ്ഥാനങ്ങളും മുന്നോട്ടുവരണം. മനുഷ്യചേതനയുടെ ഉന്നതമായ മണ്ഡലങ്ങളിലേക്ക് ഐക്യരാ

ക്രൈസ്തവസഭ അതിന്റെ പ്രവർത്തനങ്ങളെ വ്യാപിപ്പിക്കണം. വ്യക്തിയുടെ ഉദ്ധാരണത്തിലൂടെയാണു രാഷ്ട്രങ്ങളുടെയും ലോകത്തിന്റെയും ഉദ്ഗ്രഥനം സാദ്ധ്യമാകുന്നത്. മനുഷ്യമനസ്സിലെ സംഘർഷം ലഘൂകരിക്കാൻ ആത്മീയസാധനകൾ ഏറ്റവും ഫലവത്താണ്. അതിനാൽ ഐക്യരാഷ്ട്രസംഘടനയുടെ വൈവിധ്യമാർന്ന പ്രവർത്തനരംഗങ്ങളിൽ, ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ വ്യക്തിയുടെ ഉദ്ധാരണത്തിനു പ്രത്യേകം ഊന്നൽ നല്കണം.

## പ്രയത്നങ്ങൾ ഒന്നും നിഷ്ഫലങ്ങളല്ല

ശാന്തിപൂർണ്ണമായ ഒരു ലോകം സൃഷ്ടിക്കാനുള്ള ശ്രമം പട്ടിയുടെ വാൽ നിവർത്താൻ നോക്കുന്നതുപോലെ പാഴ്വേലയാണെന്നും ആരൊക്കെ എത്ര ശ്രമിച്ചാലും ചിലപ്പോൾ ലോകം എന്നും ഇങ്ങനെതന്നെ ആയിരിക്കുമെന്നും ചിലർ പറഞ്ഞേക്കാം. പട്ടിയുടെ വാൽ നിവർന്നില്ലെങ്കിൽക്കൂടി അതിനുള്ള ശ്രമം നമ്മുടെ കൈകളിലെ മസിലിനു വ്യായാമം നല്കും. അതുപോലെ, ലോകനന്മയ്ക്കായുള്ള പരിശ്രമം വിജയിച്ചാലും ഇല്ലെങ്കിലും അതു നമ്മളിൽ നല്ല സംസ്കാരം വളർത്തും. പ്രത്യക്ഷത്തിൽ കാര്യമായ വ്യത്യാസം കാണുവാൻ കഴിഞ്ഞില്ലെങ്കിലും നമ്മളിലുള്ള നല്ല മാറ്റം തീർച്ചയായും ലോകത്തിലും മാറ്റം വരുത്തും. ഇന്നു ലോകത്തിൽ അല്പമെങ്കിലും കാണുന്ന താളലയം ഈ പ്രയത്നത്തിന്റെ ഫലമാണ്.

കഴിഞ്ഞതിനെ ഓർത്തു ദുഃഖിച്ചിട്ടു കാര്യമില്ല. കഴിഞ്ഞകാലം കാൻസലായ ചെക്കിനു തുല്യമാണ്. എന്നാൽ, അതിൽനിന്നു ഭാവിയിലേക്കുള്ള പാഠങ്ങൾ പഠിക്കാൻ നാം തയ്യാറാകണം. നാം വഴിയേ നടന്നുപോകുമ്പോൾ കാലിലൊരു മുള്ളുകൊള്ളുന്നു.

അതോടെ നാം ശ്രദ്ധാപൂർവ്വം നടക്കാൻ തുടങ്ങി. അപ്പോഴാണു തൊട്ടുമുന്നിൽ ഒരു വലിയ കുഴിയുള്ളതു കാണുന്നതു്. മുള്ളു കൊണ്ടതു കാരണമാണു നമ്മളിൽ ശ്രദ്ധ വന്നതും വലിയ ആപത്തിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞതും. ഈ മനോഭാവ ത്തോടെ വേണം നാം കഴിഞ്ഞകാല ദുഃഖാനുഭവങ്ങളെക്കാ ണാൻ. അവയിൽനിന്നു നാം പാഠങ്ങൾ പഠിക്കാൻ തയ്യാ റാകുകയും ഇന്നലത്തെ തെറ്റുകൾ തിരുത്തി ഇന്നു വർത്തമാന കാലത്തു് നല്ല പ്രവൃത്തികളിൽ ഏർപ്പെടുകയും വേണം.

മുൻകാലങ്ങളിൽ സംഘട്ടനങ്ങളിൽ ഏർപ്പെട്ട രാഷ്ട്രങ്ങളും മതങ്ങളും സൗഹൃദത്തിന്റെയും വിശ്വാസത്തിന്റെയും പരസ്പ രസഹായത്തിന്റെയും പുതിയൊരു അന്തരീക്ഷം സൃഷ്ടിക്കാൻ തയ്യാറാകണം. തങ്ങളാൽ ചൂഷണം ചെയ്യപ്പെടുകയും ആക്രമി ക്കപ്പെടുകയും ചെയ്ത രാജ്യങ്ങൾക്കും മതങ്ങൾക്കും വേണ്ടി എല്ലാവിധ സഹായവും ചെയ്യാൻ ഓരോ രാജ്യവും മതവും മുന്നോട്ടുവരണം. ലോകശാന്തി പരസ്പരവിശ്വാസത്തിൽ നിന്നാണുടലെടുക്കുന്നതു്. വിശ്വാസം വളരണമെങ്കിൽ സൗ ഹൃദത്തിന്റെയും പരസ്പരസഹായത്തിന്റെയും അന്തരീക്ഷം സംജാതമാകണം.

കഴിഞ്ഞകാല മുറിവുകൾ ഉണക്കാൻ, തകർന്ന മാനുഷിക ബന്ധങ്ങളെ സ്നേഹനൂലാൽ ഒന്നായി തുന്നിച്ചേർക്കാൻ, സഹാനുഭൂതി നിറഞ്ഞ ഒരു ഹൃദയം നാം വളർത്തിയെടുക്കണം. വാക്കുകൾക്കുപരി പ്രവൃത്തിയാണു നമുക്കാവശ്യം. വിശക്കു ന്നവനു് ആഹാരം കൊടുക്കണമെന്നു പേപ്പറിൽ എഴുതിവച്ച തുകൊണ്ടു് ഒരുവന്റെ വിശപ്പു മാറില്ല. നമുക്കു് എന്തു നേടാൻ പറ്റി എന്നതിനുപകരം നമുക്കെന്തു കൊടുക്കാൻ കഴിഞ്ഞു എന്നാണു നോക്കേണ്ടതു്. അപ്പോൾ മാത്രമേ നമുക്കു് ഈ

ലോക കുടുംബത്തിൽ സമഗ്രമായ പരിവർത്തനം കൊണ്ടുവ രാൻ സാധിക്കൂ.

ഇന്നത്തെക്കാൾ മെച്ചപ്പെട്ട ഒരു ലോകം പടുത്തുയർത്താൻ താഴെപ്പറയുന്ന മേഖലകളിൽക്കൂടി നാം പരിശ്രമങ്ങൾ ഊർജ്ജി തപ്പെടുത്തേണ്ടതുണ്ട്.

★ ഈശ്വരസൃഷ്ടിയിൽ സ്ത്രീയും പുരുഷനും തുല്യരാണ്. പുരുഷനുകൂടി മാതാവാണു സ്ത്രീ. എന്നാൽ, പുരോഗതിയുടെ പല നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും സ്ത്രീയുടെ ദുരവസ്ഥയ് ക്കു വലിയ മാറ്റം വന്നിട്ടില്ല. സാമൂഹികജീവിതത്തിൽ പുരുഷനു തുല്യമായ പങ്കാളിത്തം സ്ത്രീക്കും ഉറപ്പുവരുത്തണം.

★ എയ്ഡ്സ് പോലെയുള്ള മഹാരോഗങ്ങൾ കാട്ടുതീപോലെ പടരുന്നു; യുദ്ധത്തിനെക്കാൾ ഏറെ ജീവഹാനി വരുത്തുന്നു. ഈ രംഗത്തു് ഇപ്പോൾ യു.എൻ. ചെയ്യുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.

★ വ്യക്തിമനസ്സുകളുടെ വികാസവും സംഘർഷനിവാരണ വും ലക്ഷ്യമാക്കിക്കൊണ്ടു് ആത്മീയമൂല്യങ്ങൾ പോഷിപ്പിക്കു ന്നതിലും ആത്മീയസാധനകൾ പ്രചരിപ്പിക്കുന്നതിലും ഐക്യ രാഷ്ട്രസഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

★ ലോകത്തെ നിസ്സ്വാർഥമായി സ്നേഹിക്കാനും സേവ നമനുഷ്ഠിക്കാനും തയ്യാറുള്ള ചെറുപ്പക്കാരുടെ ഒരു സന്നദ്ധ സംഘത്തെ ഐക്യരാഷ്ട്രസഭ ആഗോളതലത്തിൽ വാർത്തെ ടുക്കേണ്ടതുണ്ട്. അവർ ലോകമെങ്ങും സേവന പ്രവർത്തനങ്ങ ളിൽ ഏർപ്പെടണം. മാനുഷികമൂല്യങ്ങൾ പരിപോഷിപ്പിക്കണം. രക്തച്ചൊരിച്ചിൽകൊണ്ടു നേടാൻ കഴിയാത്തതു സ്നേഹം കൊണ്ടു് അവർക്കു നേടിയെടുക്കാൻ സാധിക്കും.

★ തീവ്രവാദം ഏതു മതത്തിന്റെ പേരിലാണെങ്കിലും അന്താരാഷ്ട്രതലത്തിൽ അപലപിക്കപ്പെടണം. മതത്തിന്റെ പേരിൽ നടക്കുന്ന മനുഷ്യഹിംസയെ്ക്കതിരെ എടുക്കുന്ന നടപടികൾ ഇനിയും ശക്തമാക്കേണ്ടതുണ്ട്.

★ താത്കാലികനേട്ടങ്ങൾക്കായി പ്രകൃതിയെ നാം ക്രമാതീതമായി ചൂഷണം ചെയ്തുകൂടാ. ഭാവിതലമുറകളുടെ ആവശ്യങ്ങളെയും അഭിലാഷങ്ങളെയും യഥാർഹം മാനിക്കുന്ന ഒരു വിശാലവീക്ഷണം ഉൾക്കൊള്ളാൻ നാം തയ്യാറാകണം.

★ നമുക്കു് ആവശ്യത്തിനുള്ളതു ലോകത്തുനിന്നു് എടുക്കാം. എന്നാൽ അത്യാർത്തിക്കുവേണ്ടിയായാൽ അതു നാശം വിതയ്ക്കും.

കേവലം ഭൗതികസമൃദ്ധികൊണ്ടുമാത്രം ലോകത്തിൽ ശാന്തിയും ഐശ്വര്യവും കളിയാടുകില്ല. ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്ന സമഗ്രമായ വളർച്ചയാണു നമുക്കാവശ്യം. ആത്മീയമായ അവബോധത്തിൽനിന്നുണരുന്ന പ്രേമത്തിൽനിന്നും ധർമ്മബോധത്തിൽ നിന്നും മാത്രമേ അടിസ്ഥാനപരമായ പുരോഗതിയും വികാസവും ഉണ്ടാകുകയുള്ളൂ. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ആ വളർച്ച, ആ വികാസം, പ്രതിഫലിപ്പിക്കാൻ നമുക്കു കഴിയണം. പിന്നിട്ടതു ശാസ്ത്രത്തിന്റെ യുഗമാണെങ്കിൽ പ്രേമത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഒരു പുതുയുഗം ഇനി നാം സ്വായത്തമാക്കണം. വ്യത്യസ്തമതങ്ങളെയും സമൂഹങ്ങളെയും വംശങ്ങളെയും സംസ്കാരങ്ങളെയും രാഷ്ട്രങ്ങളെയും ബാഹ്യതലത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ മനുഷ്യന്റെ ആന്തരികമായ ഐക്യം നേടിയെടുക്കുവാൻ നമുക്കു തീർച്ചയായും കഴിയും. അതാണു നമ്മുടെ ലക്ഷ്യം.

മതത്തിന്റെ ശരിയായ ആദർശങ്ങൾ ഉൾക്കൊണ്ടാൽ നമ്മുടെ സങ്കുചിതമായ വ്യക്തിത്വത്തെ അതിക്രമിക്കുവാൻ നമുക്കു കഴിയും. സകല ജീവരാശികളിലും സകല നാനാത്വങ്ങളിലും പ്രകാശിക്കുന്നതു് ഒരേ ആത്മചൈതന്യമാണെന്ന ബോധം നമ്മളിൽ ഉണരും. നമ്മുടെ അഹങ്കാരവും സ്വാർത്ഥതയും പോയിമറയും; നമ്മുടെ ജീവിതം ഒന്നാകെ ലോകത്തിനുവേണ്ടിയുള്ള അർപ്പണമായിത്തീരും; ആ ത്യാഗത്തിലൂടെ ആനന്ദം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞു സമസ്തജീവരാശിയിലേക്കും പരന്നൊഴുകും.

അന്തരാളത്തിൽനിന്നു് ഉയരുന്ന പ്രേമവും കാരുണ്യവുമാണു് ഇന്നു ലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം ഉള്ള അടിസ്ഥാനപരമായ പരിഹാരം. പ്രേമമാണു് എല്ലാ മുറിവുകളും ഉണക്കുന്ന മരുന്നു്. പ്രേമമാണു ജീവിതത്തിന്റെ പൂർണ്ണതയും സൗന്ദര്യവും. നമ്മുടെ ഉണ്മയിലേക്കു നാം ഉണർന്നുയരുമ്പോൾ സമസ്തജീവരാശികളും ഒരേ പ്രേമനൂലിൽ കോർത്തിണക്കപ്പെട്ടിരിക്കുന്നു എന്നു നമുക്കു കാണാൻ കഴിയും. ആ അവബോധം ഉണരുമ്പോൾ എല്ലാ സംഘർഷങ്ങളും അസ്തമിക്കും. അവികലമായ ശാന്തി അവിടെ വിരിയും. ഈ മനോഹരമായ ഭൂമിയിൽ വിഭാഗീയതയുടെ മുറിവുകളില്ലാത്ത ഒരു പുലരി ഉദയം ചെയ്യും. വിവിധ നിറത്തിലും മണത്തിലുമുള്ള, നൂറായിരം പൂക്കൾ വിടർന്നുനില്ക്കുന്ന ഈ പൂന്തോപ്പിൽ ദിവ്യപ്രേമത്തിന്റെ പൊൻകിരണങ്ങൾ പ്രഭപരത്തും.

*നമ്മുടെ ഹൃദയങ്ങളിൽ ശാന്തിയുടെയും*
*പ്രേമത്തിന്റെയും ദീപം തെളിയട്ടെ.*
*നാമോരോരുത്തരും ആ ശാന്തിയുടെ*
*സന്ദേശവാഹകന്മാരായിത്തീർന്ന്*
*ആ പ്രകാശം ചുറ്റുമുള്ളവരിലേക്കും പകർന്ന്*
*ഓരോ ഹൃദയവും പ്രഭാപൂരിതമാകട്ടെ.*
*അങ്ങനെ ഈ ലോകത്തെ ഗ്രസിച്ചിരിക്കുന്ന*
*വിദ്വേഷത്തിന്റെയും സംഘർഷത്തിന്റെയും*
*അന്ധകാരം അകന്ന് എങ്ങും ശാന്തിയുടെ*
*പ്രഭ പരക്കട്ടെ. നാമൊന്നാകെ*
*വിശ്വസ്നേഹത്തിന്റെയും*
*സാഹോദര്യത്തിന്റെയും പുതിയൊരു*
*പ്രഭാതത്തിലേക്ക് ഉണർന്നുയരട്ടെ.*
*ഉത്കൃഷ്ടമായ ഈ പ്രാർത്ഥന സഫലമാകാൻ*
*പരമാത്മാവ് നമ്മിൽ കൃപ ചൊരിയട്ടെ.*

ഓം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

“

“കഴിഞ്ഞ കാലങ്ങളിലെ പാളിച്ചകളും
പരാജയങ്ങളും നമുക്കു മറക്കാം.
ആഗോളസഹകരണത്തിന്റെ ഈ
യുഗത്തിൽ ഓരോ മതവിഭാഗവും
കാലത്തിന്റെ വിളി ഉൾക്കൊള്ളാൻ
തയ്യാറാകണം. ഹിംസാത്മകത
ഉപേക്ഷിച്ചു മൈത്രിയുടെയും
സഹകരണത്തിന്റെയും ഒരു
പുതുയുഗപ്പിറവിക്കു
സ്വാഗതമോതാനുള്ള
ശുഭമുഹൂർത്തമാണിത്.”

–അമ്മ

”